## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1016**

25.01.2018-ലെ മറുപടി

# മുരിക്കുംപാടം, ഞാറക്കൽ എന്നിവിടങ്ങളിലെ ശുദ്ധജല ടാങ്കുകളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജിഡ ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന മുരിക്കുംപാടം, ഞാറക്കൽ എന്നിവിടങ്ങളിലെ ശുദ്ധജല ടാങ്കുകളുടെ നിർമ്മാണം അനിശ്ചിതമായി തടസ്സപ്പെട്ടുകിടക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ട് എത്ര നാളായെന്നും എത്ര തവണ കരാറുകാർക്ക് സമയം ദീർഘിപ്പിച്ച് നൽകിയെന്നും വ്യക്തമാക്കാമോ; | (ബി) 17.90 ദശലക്ഷം ലിറ്റർ ശേഷിയിൽ ഞാറക്കലിൽ നിർമ്മിക്കുന്ന ജലസംഭരണിയുടെ നിർമ്മാണത്തിന് 20.09.2007-ൽ ഭരണാനുമതി നൽകി. ഇതുപ്രകാരം 06.11.2011-ൽ കരാറിന് അംഗീകാരം നൽകിയിരുന്നു. കരാർ പ്രകാരം 25.07.2012-ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തിക്ക് 25.07.2012 മുതൽ 30.06.2017-വരെ നാല് ഘട്ടങ്ങളിലായി സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.<br>11.8 ദശലക്ഷം ലിറ്റർ ശേഷിയിൽ മുരിക്കുംപാടത്ത് നിർമ്മിക്കുന്ന ജല സംഭരണിയുടെ നിർമ്മാണത്തിന് 20.09.2007-ൽ ഭരണാനുമതി നൽകി. ഇതുപ്രകാരം 07.11.2011-ൽ കരാറിന് അംഗീകാരം നൽകിയിരുന്നു. കരാർ പ്രകാരം 19.12.2012-ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തിക്ക് അഞ്ച് ഘട്ടങ്ങളിലായി 30.06.2017-വരെ സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട് . |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കരാറുകാർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദമാക്കാമോ? | (സി) | മേൽ പറഞ്ഞ രണ്ട് ടാങ്കുകളുടെയും കരാർ ഒരു കരാറുകാരൻ തന്നെയാണ് ഏറ്റെടുത്തിരുന്നത്. നിലവിൽ രണ്ട് പ്രവൃത്തികളുടെയും കരാറുകൾ റദ്ദ് ചെയ്തിട്ടുണ്ട് . ഇനി പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ പ്രസ്തുത കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ നടത്തുന്നതിന് വേണ്ട നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ